I/104524/2023

# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,

തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379

ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

BCDIR/A3/372(1)/2023 തീയതി :07-07-2023

ഭരണഭാഷ – മാതൃഭാഷ

സ്വീകർത്താവ്

ഡയറക്ടർ

പൊതുവിദ്യാഭ്യാസ വകുപ്പ്

സർ,

വിഷയം:- പി.വി.വി.വ – ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യ വിതരണം സംബന്ധിച്ച്

സൂചന :- പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 04.07.2023 ലെ BCDIR/372/2023-A3 നമ്പർ സർക്കുലർ.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ്/സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 1 0 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒ.ഇ.സി/ഒ.ബി.സി(എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് "ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതി" പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് വിദ്യാലയ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഒ.ഇ.സി വിദ്യാഭ്യാസാനുകൂല്യ വിതരണം സംബന്ധിച്ച് എല്ലാ അദ്ധ്യയന വർഷങ്ങളിലും സ്കൂൾ അധികൃതർ നിർവ്വഹിക്കേണ്ട ചുമതലകൾ ടി സർക്കുലറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ അദ്ധ്യയന വർഷവും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേകം സർക്കുലറുകൾ പുറപ്പെടുവിക്കുന്നതല്ല.

സൂചനയിലെ സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. ആയത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ ഉൾപ്പടുത്തണമെന്നും, ഇ-മെയിൽ മുഖേന എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും,

ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും സ്കൂൾ പ്രധാനാധ്യാപകർക്കും ലഭ്യമാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

നടപ്പ് വർഷത്തെ ഒ.ഇ.സി, ഒ.ബി.സി (എച്ച്) ആനുകൂല്യ വിതരണത്തിനായി ഇ-ഗ്രാന്റ്സ് പോർട്ടൽ ഇതിനകം സജ്ജമാക്കിയിട്ടുള്ളതും സ്കൂളുകളിൽ നിന്നും ഡാറ്റാ എൻട്രി ആരംഭിച്ചിട്ടുള്ളതുമാണ്. സൂചനയിലെ സർക്കുലറിന് പുറമേ പ്രസ്തുത പദ്ധതി യുടെ 2023-24 ലെ നടത്തിപ്പ് സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ്/സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂൾ അധികൃതർക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

- ഇ-ഗ്രാന്റ്സ് പോർട്ടലിൽ നടപ്പ വർഷം ഈ പദ്ധതിയുടെ പേര് OEC Prematric Assistance എന്ന് മാറ്റിയിട്ടുണ്ട്. ഒ.ഇ.സി, ഒ.ബി.സി (എച്ച്) വിഭാഗം വിദ്യാർത്ഥികളുടെ ലിസ്റ്റ് ഇതേ ലിങ്ക് വഴി തന്നെ ഫോർവേഡ് ചെയ്യാവുന്നതാണ്.
- നടപ്പ വർഷം കൂടി ഒ.ബി.സി(എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് മുൻവർഷങ്ങളിലേതിന് സമാനമായി വരുമാന സർട്ടിഫിക്കറ്റ് ഇ-ഗ്രാന്റ്സിൽ Upload ചെയ്യാതെ തന്നെ വിദ്യാഭ്യാസാനുകൂല്യനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഒ.ബി.സി(എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് സൂചന സർക്കുലറിൽ പരാമർശിക്കും പ്രകാരം 2024-25 അധ്യയന വർഷം മുതൽ മാത്രമാണ് വരുമാന സർട്ടിഫിക്കറ്റ് ഇ-ഗ്രാന്റ്സിൽ Upload ചെയ്ത് Validate ചെയ്യുന്നത് നിർബന്ധമാക്കിയിട്ടുള്ളത്.
- സൂചന സർക്കുലറിൽ ഇ-ഗ്രാന്റ്സ് പോർട്ടലിൽ വിദ്യാർത്ഥികളുടെ മാർക്ക് എന്റർ ചെയ്യുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. വിവിധ സ്കൂളുകളിൽ നിന്നും ഇതിനോടകം ഡാറ്റാ എൻട്രി നടത്തിയിട്ടുള്ള സാഹചര്യത്തിൽ, ടി സർക്കുലർ തീയതി മുതൽ നടത്തുന്ന ഡാറ്റാ എൻട്രികളിൽ മാത്രം വിദ്യാർത്ഥികളുടെ മാർക്ക് വിവരം രേഖപ്പെടുത്തിയാൽ മതിയാകും.
- നടപ്പ് അധ്യയന വർഷത്തെ ഒ.ഇ.സി/ഒ.ബി.സി(എച്ച്) വിഭാഗം വിദ്യാർത്ഥികളുടെ ഓൺലൈൻ ഡാറ്റാ എൻട്രി 2023 ജൂലൈ 31 വരെ നടത്താവുന്നതാണ്. പ്രസ്തുത തീയതിയ്ക്കകം ഡാറ്റാ എൻട്രി പൂർത്തിയാക്കുന്നതിന് എല്ലാ പ്രധാനാധ്യാപകരും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.തുടർന്നുള്ള അധ്യയന വർഷങ്ങളിൽ എല്ലാ ഒ.ഇ.സി/ഒ.ബി.സി(എച്ച്) വിഭാഗം വിദ്യാർത്ഥികളുടേയും വിവരങ്ങൾ ജൂൺ 15 നകം തന്നെ ഡാറ്റാ എൻട്രി പൂർത്തീകരിക്കേണ്ടതുമാണ്.

പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യ വിതരണവുമായി ബന്ധപ്പെട്ട്

I/104524/2023

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നാളിതു വരെയുള്ള സഹകരണത്തിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by Sidhardhan G
Date: 07-07-2023 11:45:45
Reason: Approved

ഡെപ്യൂട്ടി ഡയറക്ടർ
(ഡയറക്ടർക്ക് വേണ്ടി)

ഉള്ളടക്കം - സർക്കുലർ

<u>പകർപ്പ്</u>

1. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക്
2. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക്
3. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക്
4. സ്കൂൾ പ്രധാനാധ്യാപകർക്ക്

I/103987/2023


# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,

തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379

ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ്–www.bcdd.kerala.gov.in


BCDIR/A3/372/2023 തീയതി : 04-07-2023

ഭരണഭാഷ – മാതൃഭാഷ

## സർക്കുലർ

വിഷയം:- പി.വി.വി.വ – പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്കും തത്തുല്യമായ ആനുകൂല്യം അനുവദിച്ചിട്ടുള്ള ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും അർഹമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് വിദ്യാലയ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- സ.ഉ.(എം.എസ്) നം.10/2014/പി.സ.വി.വ തീയതി, 23/05/2014

സംസ്ഥാനത്തെ സർക്കാർ, സർക്കാർ എയ്ഡഡ്, അംഗീകൃത അൺ-എയ്ഡഡ്, സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ വിഭാഗം (OEC) വിദ്യാർത്ഥികൾക്കും, സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി ഒ.ഇ.സി വിഭാഗങ്ങളുടേതിന് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുള്ള ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും (OBC-H) അർഹമായ തുക ഇ-ഗ്രാന്റ്സ് 3.0 മുഖേന വർഷം തോറും വിതരണം ചെയ്യുന്നതാണ്. സ്കൂൾ പ്രധാനാധ്യാപകർ അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ www.egrantz.kerala.gov.in എന്ന സ്കോളർഷിപ്പ് പോർട്ടലിലൂടെ ഓൺലൈൻ ആയി എല്ലാ വർഷവും ജൂൺ1 5 നകം പിന്നാക്ക വിഭാഗ വികസന വകുപ്പിന് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് പ്രധാനാധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒ.ഇ.സി വിദ്യാഭ്യാസാനുകൂല്യത്തിന് അർഹരായ സമുദായങ്ങളുടെ പട്ടികകൾ അനുബന്ധം 1, 2 ആയി ചേർക്കുന്നു. അനുബന്ധം 1 ലെ സമുദായങ്ങൾക്ക് വരുമാന പരിധി ബാധകമല്ല. അനുബന്ധം 2 ലെ സമുദായങ്ങളുടെ കുടുംബ വാർഷിക വരുമാന പരിധി 6 ലക്ഷം രൂപയാണ്.

2. ഒ.ബി.സി(എച്ച്) വിഭാഗത്തിൽ ഉൾപ്പെട്ടവർ സാധാരണ നിലയിൽ LP,UP,HS തലങ്ങളിലെ ആദ്യ ക്ലാസുകൾ എന്ന നിലയിൽ 1, 5, 8 ക്ലാസുകളിൽ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മതിയാകും. എന്നാൽ മറ്റ് ക്ലാസുകളിൽ പഠിക്കുന്നവർക്ക് ആദ്യമായി വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം. മറ്റൊരു സ്കൂളിൽ നിന്ന് ട്രാൻസ്ഫറായി വരുന്ന കുട്ടികൾക്ക് അവർ ഏത് ക്ലാസിലായിരുന്നാലും ആവശ്യമെങ്കിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ നിർദ്ദേശം നൽകാവുന്നതാണ്. ഇ-ഗ്രാന്റ്സ് പോർട്ടൽ ഇ-ഡിസ്ട്രിക്റ്റ് പോർട്ടലുമായി ഇന്റഗ്രേറ്റ് ചെയ്തിരിക്കുന്നതിനാൽ ഇ-ഡിസ്ട്രിക്ട് മുഖേന ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ്

ആണ് സ്വീകരിക്കേണ്ടത്.

3. സ്കൂൾ പ്രവേശന സമയത്ത് ജാതി തെളിയിക്കുന്ന രേഖ ഹാജരാക്കിയിട്ടില്ലാത്തവരിൽ നിന്നും, പിന്നീട് മതപരിവർത്തനം നടത്തയിട്ടുള്ളവരിൽ നിന്നും ജാതി തെളിയിക്കുന്ന രേഖ ആവശ്യപ്പെടാവുന്നതാണ്. മാതാവിന്റേയോ, പിതാവിന്റേയോ സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പോ, ജാതി സർട്ടിഫിക്കറ്റോ ഇതിനായി സ്വീകരിക്കാവുന്നതാണ്. ഇതര സംസ്ഥാനത്തുനിന്നും കുടിയേറിപ്പാർത്തവരുടെ കാര്യത്തിൽ കേരളത്തിലെ റവന്യൂ അധികൃരിൽ നിന്നുള്ള സാക്ഷ്യപത്രം മാത്രമേ പരിഗണിക്കേണ്ടതുള്ളൂ.

4. ഓരോ ക്ലാസ്സിലേയും വിദ്യാർത്ഥികൾക്ക് ഒരു വർഷത്തേക്ക് അർഹമായ തുക ചുവടെ ചേർക്കുന്നു.

| Class | Lump sum Grant (Govt , Govt. Aided, CBSE/ICSE Affiliated & Un-Aided Schools) | Fee-Reimbursement (CBSE/ICSE Affiliated & Un-Aided Schools only) |
|---|---|---|
| Std I-IV | 750 | 1333 |
| Std V-VII | 900 | 1333 |
| Std VIII-X | 1000 | 2000 |

7. ഒരേ ക്ലാസ്സിൽ ആവർത്തിച്ച് പഠിക്കുന്നവർക്ക് (Repeater) ലംപ്സം ഗ്രാന്റ് ഇനത്തിൽ മേൽപ്രകാരമുള്ള തുകയുടെ പകുതി മാത്രമേ അനുവദിക്കുകയുള്ളൂ.

8. ഒ.ഇ.സി വിദ്യാഭ്യാസാനുകൂല്യത്തിന് മാർക്ക് ബാധകമല്ലായെങ്കിലും പ്രസ്തുത വിഭാഗങ്ങളുടെ പഠന നിലവാരം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി നടപ്പ വർഷം മുതൽ മാർക്ക് വിവരങ്ങൾ പോർട്ടലിൽ എന്റർ ചെയ്യേണ്ടതാണ്.

9. അർഹമായ തുക വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. ആയതിനാൽ വിദ്യാർത്ഥിയുടെ പേരിലുള്ളതോ, വിദ്യാർത്ഥിയുടേയും രക്ഷിതാവിന്റേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടോ മാത്രം എന്റർ ചെയ്യേണ്ടതാണ്. പ്രസ്തുത അക്കൗണ്ട് ലൈവ് ആണെന്ന് ഉറപ്പാക്കുന്നതിന് വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഇതിനകം വിവിധ ബാങ്കുകളുടെ ലയനം നടന്നിട്ടുള്ളതിനാൽ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി) ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ കൃത്യതയിൽ പ്രധാനാധ്യാപകരുടെ വ്യക്തിപരമായ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതുമാണ്.

10. ഒ.ഇ.സി വിദ്യാഭ്യാസാനുകൂല്യം അദ്ധ്യയന വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യേണ്ടുന്നതിനാൽ എല്ലാ വർഷവും ജൂൺ 15 നകം വിവരങ്ങൾ ഓൺലൈൻ എൻട്രി നടത്തുന്നതിന് പ്രധാനാധ്യാപകർ നടപടി സ്വീകരിക്കേണ്ടതാണ്.

11. വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ടതില്ല. എന്നിരുന്നാലും ഡാറ്റാ എൻട്രി സുഗമമാക്കുന്നതിലേക്കായി അനുബന്ധം 3 പ്രകാരമുള്ള വിവര ശേഖരണ മാതൃക പ്രയോജനപ്പെടുത്താവുന്നതാണ്.

12. നിശ്ചിത സമയത്തിനകം ഡാറ്റാ എൻട്രി നടത്താത്തതിനാൽ അർഹരായ

വിദ്യാർത്ഥികൾക്ക് ഗ്രാന്റ് ലഭ്യമാവാത്തതോ, തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലൂടെ അനർഹർക്ക് ആനുകൂല്യം ലഭ്യമാകുന്നതുമായ സാഹചര്യങ്ങൾ തീർത്തും ഒഴിവാക്കപ്പെടേണ്ടതാണ്.

13. വരും വർഷങ്ങളിൽ ആധാർ സീഡഡ് ബാങ്ക് അക്കൌണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. ബാങ്ക് അക്കൌണ്ടുകൾ ആധാറുമായി ലിങ്ക് ചെയ്തുവെന്നതിനാൽ അത് ആധാർ സീഡഡ് ആകണമെന്നില്ല. ആയതിനാൽ ബാങ്ക് ശാഖയുമായി ബന്ധപ്പെട്ട് അക്കൌണ്ട് ആധാർ സീഡഡ് ആക്കുന്നതിന് ആക്കുന്നതിനുള്ള നടപടികൾ ഈ വർഷം ആദ്യഘട്ടത്തിൽ തന്നെ സ്വീകരിക്കുന്നതിന് രക്ഷിതാക്കൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

14. ബാങ്ക് അക്കൌണ്ടുകളുടെ പിഴവ് ഉൾപ്പടെ വിവിധ കാരണങ്ങളാൽ Reject ചെയ്യപ്പെടുന്നവരുടെ ലിസ്റ്റ് സ്കൂൾ ലോഗിനിൽ Failed Transactions എന്ന ലിങ്കിൽ ലഭ്യമാണ്. ആഴ്ചയിൽ രണ്ടു പ്രാവശ്യമെങ്കിലും പ്രസ്തുത വിവരങ്ങൾ പരിശോധിച്ച് ന്യൂനത പരിഹരിച്ച് 10 ദിവസത്തിനകം Update ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക സർക്കാരിലേക്ക് തിരികെ പോകുന്നതും വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാകാത്തതുമായ സാഹചര്യം ഉണ്ടാകുമെന്നതിനാൽ ഇക്കാര്യത്തിൽ സ്കൂൾ പ്രധാനാധ്യാപകർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

15. സ്കൂൾ ലോഗിനിൽ OEC/OBC(H) വിഭാഗം വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും സ്കോളർഷിപ്പിന് Apply ചെയ്യുന്നതിനും പ്രത്യേകം ലിങ്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ടി ലിങ്കുകൾ വഴിയാണ് സ്കൂളിൽ നിന്നും അപേക്ഷ സമർപ്പിക്കേണ്ടത്. അതായത് OEC/OBC(H) വിഭാഗം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് Apply ചെയ്യുക, OEC/OBC(H) വിദ്യാർ ത്ഥികളെ Add ചെയ്യുക, OEC/OBC(H) വിദ്യാർത്ഥികളുടെ വിവരങ്ങൾ Edit ചെയ്യുക തുടങ്ങി എല്ലാ നടപടികളും ചെയ്യേണ്ടത് E-grantz BC Dev Dept എന്ന ലിങ്ക് വഴിയാണ്.

16. Apply for Scholarship ലിങ്കിൽ എഡിറ്റ് ഓപ്ഷൻ ഉണ്ടാകില്ല. വിദ്യാർത്ഥികളുടെ വിവരങ്ങൾ സ്കൂൾ തലത്തിൽ എഡിറ്റ് ചെയ്യണമെങ്കിൽ Edit Student Details എന്ന ഓപ്ഷൻ വഴി ചെയ്യണം. ഓരോ അക്കാദമിക് വർഷത്തിലും വിദ്യാർത്ഥികളെ പ്രൊമോട്ട് ചെയ്തതിനുശേഷം മാത്രമേ എഡിറ്റ് ചെയ്യുവാൻ കഴിയുകയുള്ളൂ. സ്കോളർഷിപ്പിന് Apply ചെയ്തു കഴിഞ്ഞാൽ പിന്നെ എഡിറ്റ് ചെയ്യുവാൻ കഴിയില്ല.

17. പുതുതായി സ്ഥാപനത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ മാത്രമേ പ്രത്യേകം ഡേറ്റാ എൻട്രി നടത്തേണ്ടതുള്ളൂ. മുൻ വർഷം ഇ-ഗ്രാന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളെ Promote ഓപ്ഷൻ മുഖേന അടുത്ത ക്ലാസ്സിലേക്ക് സ്ഥാനക്കയറ്റം നൽകിയാൽ മതിയാകും.

18. രേഖപ്പെടുത്തിയിട്ടുള്ള മുഴുവൻ വിവരങ്ങളും പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം അപേക്ഷകൾ ഫോർവേഡ് ചെയ്യേണ്ടതാണ്. ഫോർവേഡ് ചെയ്തതിന് ശേഷം പിന്നീട് എഡിറ്റ് ചെയ്യാൻ സാധ്യമല്ല. ബന്ധപ്പെട്ട ഓഫീസിൽ നിന്നും അപേക്ഷ പരിശോധിച്ച് ന്യൂനത പരിഹരിക്കുന്നതിനായി തിരികെ നൽകിയാൽ മാത്രമാണ് അപേക്ഷകൾ എഡിറ്റ് ചെയ്യാൻ സാധിക്കുന്നത്. ഓൺലൈനിൽ സമർപ്പിച്ച അപേക്ഷകളുടെ ഹാർഡ് കോപ്പി ലഭ്യമാക്കേണ്ടതില്ല.

19. മുൻ വർഷങ്ങളിലേതിൽ നിന്ന് വ്യത്യസ്തമായി അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകൾ, സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂളുകൾ എന്നിവയിലെ വിദ്യാർത്ഥികളുടെ വിവരങ്ങൾ ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ പരിശോധിക്കുന്ന രീതി 2023-24 വർഷം മുതൽ ഒഴിവാക്കിയിട്ടുണ്ട്. ശരിയായ വിവരങ്ങൾ മാത്രമാണ് ഓൺലൈനിൽ സമർപ്പിക്കുന്നത് എന്ന് സ്ഥാപന മേധാവി വ്യക്തിപരമായി ഉറപ്പാക്കേണ്ടതാണ്. തെറ്റായ വിവരങ്ങൾ എൻറർ ചെയ്യുന്നത് മൂലം അനർഹരായവർക്ക് തുക അനുവദിക്കപ്പെട്ടാൽ ആയതിന്റെ പരിപൂർണ്ണ ഉത്തരവാദിത്തം സ്ഥാപനമേധാവിക്ക് മാത്രമായിരിക്കും. വിദ്യാഭ്യാസാനുകൂല്യ വിതരണം സംബന്ധിച്ച പരിശോധനകൾക്കായി മുൻകൂർ അറിയിപ്പില്ലാതെ തന്നെ പിന്നാക്ക വിഭാഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥാപനം സന്ദർശിക്കുന്നതാണ്.

20. ഇ-ഗ്രാന്റ്സ് ഡാറ്റാ എൻട്രിയി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് ചുവടെ പറയുന്ന വിലാസത്തിലോ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

| ഓഫീസ് | ജില്ല |
|---|---|
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>ടി.കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്, മുണ്ടയ്ക്കൽ, കൊല്ലം - 691001<br>ഫോൺ - 0474 2914417<br>ഇ-മെയിൽ - bcddklm@gmail.com | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ, രണ്ടാം നില<br>കാക്കനാട്, എറണാകുളം - 682030<br>ഫോൺ - 0484 2983130<br>ഇ-മെയിൽ - ekmbcdd@gmail.com | ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>കെ.റ്റി.വി ടവേഴ്സ്, രണ്ടാം നില<br>യാക്കര റെയിൽവേ ഗേറ്റിന് സമീപം, പാലക്കാട്-678001<br>ഫോൺ - 0491 2505663<br>ഇ-മെയിൽ - bcddpkd@gmail.com | തൃശ്ശൂർ, പാലക്കാട്, മലപ്പുറം |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ, കോഴിക്കോട് - 673020<br>ഫോൺ - 0495 2377786<br>ഇ-മെയിൽ - bcddcalicut@gmail.com | കോഴിക്കോട്, കണ്ണൂർ, വയനാട്, കാസറഗോഡ് |

(ഒപ്പ്)
ഡയറക്ടർ

I/103987/2023

<u>പകർപ്പ്:</u>

1. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ് (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
5. രജിസ്ട്രാർ, സി-ഡിറ്റ്
6. മാനേജർ, ഐ.ടി വിഭാഗം - പി.വി.വി.വ
7. ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്റർ, ഇ-ഗ്രാന്റ്സ്
8. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ - കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്
9. എല്ലാ DD/DEO/AEO മാർക്കും (ഇ-മെയിൽ മുഖേന)
10. എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും (അറിവിലേക്കായി)
11. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്കും - ഡി.ഇ.ഒ മുഖേന
12. നോട്ടീസ് ബോർഡ്/കരുതൽ/അധികം

അംഗീകാരത്തോടെ

Signed by Rophin K R
Date: 04-07-2023 17:09:49
Reason: Approved

സീനിയർ സൂപ്രണ്ട്

## അനുബന്ധം 1

## ഒ.ഇ.സി സമുദായങ്ങളുടെ ലിസ്റ്റ്
## List Other Eligible Communities

1 Chakkamar
2 Madiga
3 Kudumbi
4 Dheevara/Dheevaran
   (Arayan,Valan,Nulayan,Mukkuvan,Arayavathi,Valanchiyar,Paniyakal,Mokaya,Bovi,Magayar,Mogaveerar)
5 Scheduled Caste converted to Christianity
6 Kusavan, Kulalan, Kubharan, Velaan, Odan, Andhra Nair, Andhuru Nair
7 Pulaya Vettuvan (Except Kochi State)

* These communities are eligible for all educational Assistance enjoyed by Scheduled Castes

## അനുബന്ധം 2

**6 ലക്ഷം രൂപ എന്ന വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി ഒ.ഇ.സി ക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന സമുദായങ്ങളുടെ ലിസ്റ്റ്**

| *Sl. No.* | ***Name of the Community*** |
|---|---|
| 1. | Vaniya (Vanika, Vanika Vaisya, Vanibha Chetty, Vaniya Chetty, Ayiravar, Nagarathar and Vaniyan |
| 2. | Veluthedathu Nair (Veluthedan and Vannathan) |
| 3. | Chetty/Chetties (Kottar Chetties, Parakka Chetties, Elur Chetties, Attingal Chetties, Pudukkada Chetties, Iraniel Chetties, Sri Pandara Chetties, Telugu Chetties, Udiyankulangara Chetties, Peroorkada Chetties, Sadhu Chetties, 24 Mana Chetties, Wayanadan Chetties, Kalavara Chetties and 24 Mana Telugu Chetties, |
| 4. | Ezhavathi (Vathy) |
| 5. | Ganika |
| 6. | Kanisu or Kaniyar Panicker, Kani or Kaniyan (Ganaka) or Kanisan or Kamnan, Kalari Kurup / Kalari Panicker |
| 7. | Vilkurup, Perumkollan |
| 8. | Yadavas (Kolaya, Ayar, Mayar, Maniyani and Iruman), Erumakkar |
| 9. | Devanga |
| 10. | Pattariyas |
| 11. | Saliyas (Chaliya, Chaliyan) |
| 12. | Pandithar |
| 13. | Vaniar |
| 14. | Ezhuthachan |
| 15. | Chakkala / Chakkala Nair |
| 16. | Reddiars (throughout the State except in Malabar Area) |
| 17. | Kavuthiya |

| | |
|---|---|
| 18. | Veerasaiva (Yogi, Yogeeswara Poopandaram, Malapandaram, Jangam, Matapathi, Pandaram, Pandaran, Vairavi, Vairagi) |
| 19. | Vilakkithala Nair – Vilakkithalavan |
| 20. | Vaduka – Vadukan, Vadugar, Vaduka, Vaduvan |
| 21. | Chavalakkaran |
| 22. | Agasa |
| 23. | Kaikolan |
| 24. | Kannadiyans |
| 25. | Kerala Mudalis |
| 26. | Madivala |
| 27. | Naikkans |
| 28. | Tholkolans |
| 29. | Thottian |
| 30. | Mooppar or Kallan Moopan or Kallan Moopar |

കേരള സർക്കാർ

# പിന്നാക്ക വിഭാഗ വികസന വകുപ്പ്

## ഒ.ഇ.സി. വിദ്യാഭ്യാസാനുകൂല്യം

## വിവരശേഖരണത്തിനുള്ള ഫാറം

1. വിദ്യാർത്ഥിയുടെ പേര് :
2. ആധാർ നമ്പർ :
3. ആൺ/പെൺ/മറ്റുള്ളവ : 4. ജനന തീയതി
5. മതം, ജാതി :
6. ക്ലാസ്സ് 7. അഡ്മിഷൻ നമ്പർ
8. ജനനതീയതി 9. ആൺ/പെൺ/മറ്റുള്ളവ
10.

| വിദ്യാർത്ഥിയുടെ സ്ഥിര മേൽവിലാസം (ജില്ല, പിൻ കോഡ് എന്നി സഹിതം) | വിദ്യാർത്ഥിയുടെ ഇപ്പോഴത്തെ മേൽവിലാസം (ജില്ല, പിൻ കോഡ് എന്നിവ സഹിതം) |
|---|---|
| | |
| ഫോൺ നമ്പർ/മൊബൈൽ നമ്പർ (ഉണ്ടെങ്കിൽ) | |
| ഇ മെയിൽ വിലാസം (ഉണ്ടെങ്കിൽ) | |

11. രക്ഷിതാവിന്റെ പേര് 12. രക്ഷിതാവുമായുള്ള ബന്ധം
13. കുടുംബ വാർഷിക വരുമാനം
(ഒ.ബി.സി-എച്ച് വിഭാഗങ്ങൾക്ക് മാത്രം)
14. ബാങ്ക് അക്കൌണ്ട് വിവരങ്ങൾ

| | |
|---|---|
| ബാങ്കിന്റെ പേര് | |
| ബ്രാഞ്ച് | |
| ബ്രാഞ്ച് സ്ഥിതി ചെയ്യുന്ന ജില്ല | |
| ഐ.എഫ്.എസ്.കോഡ് | |
| അക്കൌണ്ട് ഹോൾഡറുടെ പേര് | |
| അക്കൌണ്ട് നമ്പർ | |

സ്ഥലം :

തീയതി : വിദ്യാർത്ഥിയുടെ പേരും ഒപ്പം രക്ഷിതാവിന്റെ ഒപ്പ്